MONDAY 15.07.2024 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/07/2024

1. കാർഷിക സർവ്വകലാശാല കാർഷിക കോളേജ്, വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ അരുൺ, രേണുശ്രീ ഇനത്തിൽപ്പെട്ട ചീര, ലോല, ഗീതിക, കാശികാഞ്ചൻ, വൈജയന്തി, അനശ്വര ഇനത്തിൽപ്പെട്ട പയർ, പ്രീതി പാവൽ, ഉജ്ജ്വല മുളക് , ഹരിത, സൂര്യ ഇനത്തിൽപ്പെട്ട വഴുതന, അർക്ക അനാമിക, അരുണ ഇനത്തിൽപ്പെട്ട വെണ്ട എന്നിവയുടെ വിത്തുകൾ വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ: 0487 2370051

2. പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള പടന്നക്കാട്, നീലേശ്വരം (കരുവാച്ചേരി) ഫാമുകളിൽ അത്യൽപാദനശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ കേരസങ്കര, കേരഗംഗ, കേരശ്രീ എന്നിവയും നാടൻ തെങ്ങിൻതൈകളും, മോഹിത്നഗർ, മംഗള, സുമംഗള എന്നീ കവുങ്ങിൻതൈകളും ലഭ്യമാണ്. വില തെങ്ങ് നാടൻ 120/, സങ്കരയിനം 325/, കവുങ്ങ് 35/. എല്ലാ പ്രവൃത്തിദിവസങ്ങളിലും 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0467 2280358 (കരുവാച്ചേരി), 0467 2281966 (പടന്നക്കാട്) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്

3. ആലപ്പുഴ ജില്ലയിൽ ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അതിദരിദ്ര വിഭാഗങ്ങൾക്ക് പശു ഡയറി യൂണിറ്റ് അനുവദിക്കുന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ പ്രസിദ്ധീകരിച്ച അതിദരിദ്ര വിഭാഗം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അപേക്ഷക്കാം. രജിസ്ട്രേഷൻ ഫീസ് ഇല്ല. കൂടുതൽ വിവരങ്ങൾ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ലഭിക്കും.

4. ക്ഷീര വികസന വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽനിന്ന് ഓൺലൈൻ ആയി അപേക്ഷകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷണിക്കുന്നു. 2024 ജൂലായ് മാസം 20 വരെ ക്ഷീര വികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുൽകൃഷി വികസനം, മിൽക്ക് ഷെഡ് പദ്ധതി വികസനം, ഡയറി ഫാം ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം. ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, കയർ മത്സ്യബന്ധന മേഖലകൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി, കൂടാതെ യുവജനങ്ങൾക്കായി പത്തു പശു അടങ്ങുന്ന സ്മാർട്ട് ഡയറി ഫാം പദ്ധതി, മിൽക്കിങ് മെഷീൻ വാങ്ങിക്കുന്നതിനുള്ള ധനസഹായം, തൊഴുത്ത് നിർമ്മാണ ധനസഹായം എന്നിവ ഉൾപ്പെടുന്ന മിൽക്ക് ഷെഡ് വികസന പദ്ധതികൾക്കും ഡയറി ഫാമിന്റെ ഹൈജീൻ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കും ksheerasree.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് 3/-രൂപ നിരക്കിൽ കർഷകർക്ക് വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ ബുക്കിങ്ങിനായി 0471 2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ പത്താം ഘട്ടം ആരംഭിച്ചു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് (ആർഎസ്എസ് 4) കിലോഗ്രാമിന് കുറഞ്ഞത് 180 രൂപ ഉറപ്പാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് നവംബർ 30 വരെ രജിസ്റ്റർ ചെയ്യാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, ടാപ്പുചെയ്യുന്ന റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം. എല്ലാ ഗുണഭോക്താക്കളും 2024-25 വർഷത്തെ ഭൂനികുതി അടച്ച രസീത് സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. ധനസഹായത്തിനായി സമർപ്പിക്കുന്ന സെയിൽസ് ഇൻവോയ്സുകൾ/ബില്ലുകൾ സാധുവായ ലൈസൻസുള്ള ഒരു ഡീലറിൽ നിന്നുള്ളതായിരിക്കണം. ഡീലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. 2024 ജൂലൈ 20 മുതൽ 31 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ **ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 19-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004.എന്ന വിലാസത്തിലോ, 0471-2440911 എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം